**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2548** **15-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ ഡാമുകളുമായി ബന്ധപ്പെടുത്തി വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിന് കീഴിലുള്ള അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. ടൂറിസം വികസനത്തിന്റെ ഭാഗമായി താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ സെന്ററുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>• മൂന്നാർ ഹൈഡൽ പാർക്കിൽ ഇല്യൂമിനേഷൻ ലൈറ്റുകൾ സ്ഥാപിച്ചു.<br>• മൂന്നാർ ഹൈഡൽ പാക്കിൽ ഗാർഡൻ ആർച്ച് ഗാർഡൻ സ്റ്റാന്റുകൾ സ്ഥാപിക്കുകയും പൂന്തോട്ടങ്ങൾ മനോഹരമാക്കുകയും ചെയ്തു.<br>• കുട്ടികളുടെ പാർക്കുകൾ കൂടുതൽ കളി ഉപകരണങ്ങൾ കൊണ്ട് വിപുലമാക്കി.<br>• ബോട്ടിംഗ് സെന്ററുകളിലേയ്ക്ക് കൂടുതൽ സ്പീഡ് ബോട്ടുകളും പെഡൽ ബോട്ടുകളും വാങ്ങി.<br>• ഇടുക്കി യൂണിറ്റിലേയ്ക്ക് പുതിയ 8 ബഗ്ഗി കാറുകൾ വാങ്ങി.<br>• സെന്ററുകളിലെ പൊളിഞ്ഞ റോഡുകളും , പാർക്കിംഗ് ഏരിയയും വൃത്തിയാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.<br>• അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള കൂടുതൽ ജോലികൾക്ക് നിലവിൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ